# പ്രതികരണങ്ങൾ — 18



പ്രതികരണങ്ങൾ — 18
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Illustration from French magazine Le Tour du Monde, 1875 a painting.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## സുനിൽ പി. ഇളയിടം: ജനാധിപത്യം ഒരു സാധ്യതയാണ്

**രാജൻ പടുതോൾ:** ശ്രീ സുനിൽ പി. ഇളയിടം സ്പർശിക്കാൻ വിട്ടുപോയെന്ന് എനിക്ക് തോന്നിയ ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കട്ടെ:

രാജ്യത്തെ രാഷ്ട്രമായി പുനർനിർമ്മിക്കുമ്പോളാണ് ജനാധിപത്യം അർത്ഥവത്താകുന്നത്. രാജ്യം രാജാവിന്റെയാണ്. രാജാവിന് കൽപ്പിതമായ ഒരു ദൈവികപരിവേഷവുമുണ്ട്. ദേവദത്തമായ രാജാധികാരത്തിൻകീഴിൽ പ്രജ (subject) എന്ന അവസ്ഥയും, രാജ്യവും ദേവദത്തമാണെന്നവരുന്നു. രാജഭക്തി അതുകൊണ്ടുതന്നെ ദൈവഭക്തികൂടിയാണ്. ദൈവകോപവും രാജകോപവും രണ്ടല്ല. ദൈവനിഷേധം രാജ്യദ്രോഹമാണ്. ഈ രാജ്യദ്രോഹകുറ്റം സ്വയം ഏറ്റെടുത്ത് പ്രജയെ ‘ജനാ’ധിപത്യരാഷ്ട്രത്തിലെ പൗരനാക്കി ഉയർത്തുകയാണ് സ്വാതന്ത്ര്യസമരനായകന്മാർ ചെയ്യുന്നത്, ചെയ്യാൻ ആഗ്രഹിക്കുന്നത്.

പ്രജ പൗരനാവുകയും രാജ്യം രാഷ്ട്രമാവുകയും ചെയ്യുന്നത് ഏതെങ്കിലും അർദ്ധരാത്രി നടക്കുന്ന ഒരു മഹാസംഭവമല്ലെന്ന് ചുരുക്കം. പ്രജ എന്ന മാനസികാവസ്ഥയെ പൗരത്വത്തിലേയ്ക്ക് ഉയർത്താൻ, സ്വയം സമർപ്പിതഭക്തിയുടെ പിടിയിൽനിന്ന് പ്രജയെ മോചിപ്പിക്കാൻ, മതേതരവും രാഷ്ട്രീയ ദർശനത്തിലധിഷ്ഠിതവുമായ നിരന്തരമായ പോരാട്ടത്തിനേ കഴിയൂ.

ഇന്ത്യയിൽ നടന്ന സഹനസമരത്തിന് അങ്ങനെയൊരു രാഷ്ട്രീയാശയം ഉണ്ടായിരുന്നുവോ? “രഘുപതി രാഘവ രാജാറാം പതീത പാവന സീതാറാം...” എന്ന ഗാന്ധിയുടെ പ്രാർത്ഥനയല്ലേ സ്വാതന്ത്ര്യസമരമുഖത്ത് നാം ചൊല്ലിയാടിയത്? പ്രജകളെ ഒന്നിപ്പിക്കാൻ ഗണേശ ചതുർത്ഥി എന്ന മതബിംബം അല്ലെ നമ്മൾ ഉപയോഗിച്ചത്? കോട്ടും മേൽക്കുപ്പായവുമഴിച്ചുവെച്ച് ഗ്രാമീണരിൽ ഒരാളായി സ്വയംമാറിയ ഗാന്ധി ഇന്ത്യക്കാരിൽ രാജഭക്തിക്കതീതമായ പൗരബോധം ഉണർത്തുന്നതിൽ പരാജയപ്പെടുകയായിരുന്നില്ലേ?

അതുകൊണ്ടല്ലേ, സ്വാതന്ത്ര്യലബ്ധിക്കുശേഷവും ചക്രവർത്തിമാരുടെ തേരോട്ടം ഓർമ്മിപ്പിക്കുന്ന “രഥയാത്ര” ജനാധിപത്യരാഷ്ട്രത്തിൽ ഒരു വൈരുദ്ധ്യമാണെന്ന് പൗരസമൂഹം തിരിച്ചറിയാതിരിക്കുന്നത്? തിരുവിതാംകൂർ രാജാവിന് സമ്മാനമായി കിട്ടിയ സ്വത്ത് നിയമം വഴി പത്മനാഭസ്വാമിയുടേതാണെന്ന് ഭരണഘടനാ ബഞ്ച് വിധിച്ചത് അതുകൊണ്ടല്ലേ? കൊച്ചി ദേവസ്വം ഭരിക്കുന്ന ശബരിമല ക്ഷേത്രം പന്തളം രാജാവിന്റെ സ്വകാര്യസ്വത്തല്ല എന്ന തീർത്തുപറയാൻ കോടതിക്കുപോലും കഴിയാത്തതും അതുകൊണ്ടല്ലേ? ദേവ-രാജഭക്തിയിൽ കുടുങ്ങിക്കിടക്കുന്ന പ്രജകൾ മാത്രമല്ലേ ഇന്നും നമ്മൾ?

ജനങ്ങളുടെ മനസ്സിൽ രൂഢമൂലമായ “രാജ-ദേവ” ബിംബങ്ങളെ പൗരബോധം എന്ന മതേതര സംസ്കാരംകൊണ്ട് മാറ്റിയെടുക്കാൻ ഉതകുന്ന ഇടതുപക്ഷ അവബോധം ഇവിടെ ഇന്നും ബുദ്ധിജീവികൾക്കിടയിലെ സംവാദങ്ങൾ മാത്രമായി ഒതുങ്ങിക്കിടക്കുകയല്ലെ?

## കരുണാകരൻ: ചന്ദ്രലേഖ

**ഐറിസ് കോയ്‌ലിയോ:** മിനാറിനൊപ്പം ഭാരതിക്കൊപ്പം വിവേകിനൊപ്പം ജീവിതത്തിലെ വലിയ വെളിപ്പെടലുകൾക്ക് കാവലായി പേരില്ലാത്ത, വഴിയില്ലാത്ത, മതജാതിലിംഗമതിലുകളില്ലാത്ത ഒരു വലിയ തപാലാപ്പീസിലെ ഒച്ചകൾക്ക് ലിപിയൊരുക്കും എഴുത്തുകാരുടെ വിധി ഏറ്റുവാങ്ങുന്നു.

ചന്ദ്രലേഖമാരുടെ നീണ്ടുനീണ്ടു പോകുന്ന ജനിതകക്കണ്ണികളോട് പക്ഷം ചേരുന്നു.

മറക്കില്ലൊരിക്കലും ഈ പെരുമഴയുടെ വായന.

ഭട്ടതിരിയുടെ വരകൾ ഉയിരേകിയിരിക്കുന്നു കടലെടുക്കും തുരുത്തിന്.

**പി. പി. രാമചന്ദ്രൻ:** കരുണാകരന്റെ കഥ ഇന്നാണ് വായിച്ചത്. മികച്ച രചന, ആഖ്യാനം.

**രവീന്ദ്രനാഥൻ:** ചന്ദ്രലേഖ നല്ല വായനാനുഭവമായി.

## സച്ചിദാനന്ദൻ: ബസവണ്ണയുടെ വചനങ്ങൾ

**കെ. ജി. എസ്:** അകവും പുറവും നിറഞ്ഞു വഴിയുന്ന ബസവ വെളിച്ചം. സച്ചിയുടെ പക്വ പരിഭാഷ. ഭട്ടതിരിയുടെ വരയിൽ വരികൾ ആളുന്നത് മറ്റൊരു വിസ്മയ വചന പുനർജ്ജന്മം. ചില വരകളിൽ വചനങ്ങളുടെ നാദശരീരം മുഴങ്ങുന്നു. ചിലതിൽ വചനാത്മാവിന്റെ നടനം. പരിഭാഷ വര സായാഹ്നയുടെ അവതരണം, എല്ലാം തികഞ്ഞത്.

**ലിസി മാത്യു:** ബസവണ്ണ നിറപ്പകിട്ടുള്ള പ്രഭാതം.

**ശശീന്ദ്രൻ:** ബസവണ്ണ വെളിച്ചത്തിന്റെ തെളിച്ചം.

**കെ. സച്ചിദാനന്ദൻ:** വചനം 36. ഇന്ദ്രിയ മോഹത്തിന്റെ പെൺപട്ടികൾ – ഇന്ദ്രിയ മോഹത്തിൻ പെൺപട്ടികൾ എന്നു വായിക്കാനപേക്ഷ. തെറ്റ് എന്റെയാണ്. ഇന്ദ്രിയ മോഹത്തിന്റെ കൊടിച്ചികൾ എന്നായിരുന്നു. 'കൊടിച്ചികൾ' കേരളത്തിൽ ചില ഭാഗത്ത് മനസ്സിലാവില്ലെന്ന് അശോകൻ പറഞ്ഞപ്പോൾ 'പെൺപട്ടികൾ' ആക്കി; ന്റെ എന്നത് ൻ ആക്കാൻ മറന്നു. അത് ഒഴുക്കു തടയും. (ചിലയിടത്ത് നായ് ആണും പട്ടി പെണ്ണുമാണ്. അവർക്ക് ഈ പ്രയോഗവും ആവർത്തനമായി – redundance-തോന്നാം, ക്ഷമിക്കുക). പിന്നെ വിവർത്തനം—അത് അനായാസമാണ്, ഭക്തൻ മൂർത്തിയാകണമെന്നേയുള്ളൂ: സ്നേഹത്തിലൂടെ വിധേയത്വം, വിധേയത്വത്തിലൂടെ താദാത്മ്യത്തിന്റെ അദ്വൈതം. പിന്നെ ഒന്നും ചെയ്യാനില്ല. പേനയോ മൗസോ പിടിച്ച് ഇരുന്നു കൊടുത്താൽ മതി. ഭട്ടതിരിക്കുപോകണം അക്ഷരനടനത്തിന്റെ പ്രകീർത്തനം.

**ശ്രീദേവി കർത്ത:** ബസവണ്ണയും അക്കയും അവരവരുടെ ആത്മനാഥന്മാരായ സംഗമദേവനോടും ചെന്ന മലികാർജ്ജുനനോടും സംവദിക്കുന്ന രീതിയിൽ ഉള്ള വ്യത്യാസം ശ്രദ്ധ ആവശ്യപ്പെടുന്നു. ബസവണ്ണ വിധേയനും നിസ്സഹായനുമായ ഒരു നിസ്വഭക്തന്റെ ഭാഷയിൽ വിളിച്ചു അപേക്ഷിക്കുമ്പോൾ അക്ക തന്റെ നാഥനോട് നേർക്കു നേർ നിന്നു ചില ആവശ്യങ്ങൾ, ചോദ്യങ്ങൾ നിരന്തരം ഉന്നയിക്കുന്നു. ഭക്തിയുടെ പാരമ്യത്തിലും അവർ വ്യക്തിയെന്ന ഉണ്മയെ നിരസിച്ചു കളയുന്നില്ല. സ്ത്രീപുരുഷ ദ്വന്ദത്തെ മറികടന്നു പോകുമ്പോഴും സ്ത്രീ ഉടൽ എന്ന സാന്നിദ്ധ്യത്തെ അതിന്റെ എല്ലാ ആർജ്ജവത്തോടെയും ആവിഷ്കരിക്കുന്നു. ബസവണ്ണ സംഗമേശ്വരന് ലഭിക്കാവുന്ന ഒരു സമ്പൂർണ ഭക്തരൂപമായി പരിണമിക്കുമ്പോൾ അക്ക ഒരേസമയം ഭക്തയും മലികാർജ്ജുനനു ശ്രമിച്ചാൽ മാത്രം ലഭിക്കുന്ന അലഭ്യലക്ഷ്യവുമായി നിലനിൽക്കുന്നു. "എന്റെ മുലകൾക്ക് മേൽ ശയിക്കാൻ നിനക്കു എന്നു ഭാഗ്യം കിട്ടും ചെന്ന മലികാർജ്ജുനാ" എന്നു അക്ക ചോദിക്കുമ്പോൾ അക്ക ഭക്തയിൽ നിന്നു സമാവസ്ഥയിലേക്കു ഉയർന്ന സ്ത്രൈണ പ്രതീകമാണ്, ബസവണ്ണ ലയിക്കുന്ന ഒരു നദിയും. അക്ക സമുദ്രത്തിലേക്കു സ്വേച്ഛയായാൽ മാത്രം വർഷിക്കുന്ന ഒരു സ്വതന്ത്ര മേഘവും. രണ്ടു ദാഹം ശമിപ്പിക്കുന്ന ഉറവിടങ്ങൾ.

**കെ. സച്ചിദാനന്ദൻ:** അക്കയിലാണ് ഞാനിപ്പോൾ. ഓരോ കവിയെയും ആ കവിയായി കാണാൻ എന്നെങ്കിലും നാം പഠിച്ചേക്കും. ഈ കവികൾ ദ്വൈതങ്ങളെ മറികടന്നിരുന്നു. നമുക്ക് അതു പ്രയാസമാകും. ആണിന്റെയുള്ളിലെ പെണ്ണിനെയും പെണ്ണിന്റെയുള്ളിലെ ആണിനെയും കാണാൻ പ്രാപ്തി നേടുമ്പോൾ നാം മനുഷ്യരാകാനിടയുണ്ട്.

**ഇ. മാധവൻ:** ചാരുതയാർന്ന ലാളിത്യത്തിന് കീഴെ ഭക്തിയിൽ തത്വജ്ഞാനത്തിൽ അഭിഷിക്തമായ കാവ്യം. വിവർത്തനമെന്ന് തോന്നില്ല.

**മനോജ് കുറൂർ:** മലയാളത്തിന് ഉരിയാടാൻ ബസവവചനങ്ങൾ.

ഇന്ത്യയുടെ ചരിത്രത്തിൽ മിന്നലിന്റെ വേഗവും വെളിച്ചവുമായി പ്രത്യക്ഷപ്പെടുകയും ഇത്തിരിക്കാലം ഒന്നു ഭ്രമിപ്പിച്ചിട്ടു പൊലിഞ്ഞു പോവുകയും ചെയ്ത നക്ഷത്രഭൂമിയാണ് ബസവണ്ണയുടെ കല്യാണ.

അസാധാരണമായ പ്രപഞ്ചദർശനവും അതിന്റെ വൈയക്തികവും സാമൂഹികവുമായ ആവിഷ്കാരങ്ങളും ചേർന്നതാണ് പന്ത്രണ്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ അവിടെയുണ്ടായ കന്നഡ വചനകവിതാപ്രസ്ഥാനം. ഉത്തരകർണ്ണാടകയിലെ കല്യാണയിൽ ബിജ്ജളരാജാവിന്റെ മഹാമന്ത്രിയായിരുന്ന ബസവണ്ണയാണ് ഈ പ്രസ്ഥാനത്തിനു നേതൃത്വം കൊടുത്തത്. ബസവണ്ണ തന്റെ ഭരണപരമായ അധികാരമുപയോഗിച്ച് ജാതിവിവേചനം അവസാനിപ്പിച്ചു; ഏതു തൊഴിലും അവരവർക്കിഷ്ടമുള്ളതുപോലെ തിരഞ്ഞെടുക്കാമെന്നു വാദിച്ചു. ഏതു തൊഴിലും ഒരേപോലെ മഹത്വമുള്ളതാണെന്നു വിശ്വസിച്ച അദ്ദേഹം തന്റെ കാഴ്ചപ്പാടുകൾ അതേപടി നടപ്പിൽ വരുത്തുകയും ചെയ്തു. അടിസ്ഥാനപരമായി ശൈവഭക്തിപ്രസ്ഥാനമായ വീരശൈവ / ലിംഗായതദർശനത്തിൽ ഊന്നുന്ന വചനകവിതാപ്രസ്ഥാനത്തിന് ദാർശനികമായ കെട്ടുറപ്പ് നല്കിയത് അല്ലമ പ്രഭുവാണ്. ജ്ഞാനവും കർമ്മവും ചേരുന്ന തന്റെ പദ്ധതി നടപ്പിൽ വരുത്താനുദ്ദേശിച്ചു ബസവണ്ണ സ്ഥാപിച്ച അനുഭവമണ്ഡപത്തിന്റെ അധ്യക്ഷനായതും അല്ലമ പ്രഭുതന്നെ. വചനകവിതാപ്രസ്ഥാനത്തിലെ ഏറ്റവും തിളക്കമുള്ള സാന്നിദ്ധ്യങ്ങളിലൊന്ന്, ഉടലിനെ ജയിക്കുകയാൽ നഗ്നയായി കല്യാണയിലെത്തുകയും തന്നെ പരീക്ഷിച്ച അല്ലമ പ്രഭുവിനെ പ്രതിഭയും ആത്മാർത്ഥതയുംകൊണ്ട് വിസ്മയിപ്പിക്കുകയും ചെയ്ത അക്ക മഹാദേവിയാണ്. ബസവണ്ണയുടെ പത്നിമാരായ ഗംഗാംബിക, നീലാംബിക, സഹോദരിയായ നാഗലാംബിക, നാഗലാംബികയുടെ പുത്രനായ ചന്നബസവണ്ണ, അലക്കുകാരനായ മഡിവാള മാചിദേവൻ, കടത്തുകാരനായ അംബിഗാര ചൗഡയ്യ, മരപ്പണിക്കാരിയായ കാളവ്വ, ഉപ്പുകാരിയായ സത്യക്കാ, ചെരുപ്പുകുത്തിയായ ചെന്നയ്യ എന്നിങ്ങനെ പ്രസിദ്ധരായ വചനകവികൾ വേറെയുമുണ്ട്. കേരളത്തിലെ അവളൂരിൽപ്പിറന്ന് കല്യാണയിലെത്തിയ ഗൊഗ്ഗവ്വ എന്ന വചനകവി ആൺ-പെൺ വ്യത്യാസത്തെയാണ് തന്റെ കവിതകളിലൂടെ നേരിടുന്നത്. എന്നാൽ ഈ പ്രസ്ഥാനം അധികകാലം നീണ്ടുനിന്നില്ല. ഒരു ചെരുപ്പുകുത്തിയുടെ മകനും ഒരു ബ്രാഹ്മണന്റെ മകളും തമ്മിലുള്ള വിവാഹം നടത്തിയതിന്റെ പേരിൽ യാഥാസ്ഥിതിക ബ്രാഹ്മണർ രാജാവിനെക്കണ്ടു പരാതി പറഞ്ഞു. അവർ ചേർന്ന് വചനകവികളെ ആക്രമിച്ചു. തുടർന്നുണ്ടായ തിരിച്ചടിയിൽ ബിജ്ജളരാജാവുതന്നെ കൊല്ലപ്പെട്ടു. ശിവശരണർക്ക് അതോടെ നാട്ടിൽനിന്നു പലായനം ചെയ്യേണ്ടി വന്നു. നാട്ടിൽനിന്നു പുറത്താക്കപ്പെട്ട ബസവണ്ണ കൂടലസംഗമത്തിലെത്തി സമാധിയിലിരുന്ന് ജീവത്യാഗം ചെയ്തു.

വചനകവിതാപ്രസ്ഥാനത്തോടുള്ള തന്റെ വൈകാരികമായ അടുപ്പം സച്ചിദാനന്ദൻ നേരത്തെതന്നെ തന്റെ കവിതകളിലൂടെ ആവിഷ്കരിച്ചിട്ടുള്ളതാണ്. 1995-ൽ പ്രസിദ്ധീകരിച്ച 'ബസവണ്ണ കർഷകരോടൊത്തു നൃത്തം ചെയ്യുന്നു', 'അക്ക മൊഴിയുന്നു' എന്നീ കവിതകൾ ഉദാഹരണം. വചനകവികൾ മാത്രമല്ല, ആണ്ടാളും നാമദേവനും കബീറും മീരയും തുക്കാറാമും ചൈതന്യനും ബുള്ളേഷായുമുൾപ്പെടെ വിവിധ ഭാഷകളിൽ വിവിധ കാലങ്ങളിലുണ്ടായ ഭക്തകവികൾ അദ്ദേഹത്തിന്റെ ഭാവനയെ സ്വാധീനിക്കുകയും മൊഴികളെ ത്വരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ 'ഇന്ത്യൻ കവി' എന്ന കവിതയിലുള്ളതുപോലെ ഒരേ സമയം ഭൂത-വർത്തമാന-ഭാവി കാലങ്ങളിൽ ജീവിക്കുന്ന, മൂന്നു മുഖമുള്ള ഇന്ത്യൻ കവിയുടെ കവിതയ്ക്ക് കാലത്തിന്റെ കൊമ്പിൽ തലകീഴായിക്കിടന്ന്, വേതാളത്തെപ്പോലെ നിരന്തരം ചോദ്യങ്ങൾ ചോദിക്കേണ്ടിവരുന്നു; ഒരേ സമയം പല ലോകങ്ങളിൽ ജീവിച്ചുകൊണ്ടുതന്നെ ഈ ലോകവുമായി സംവദിക്കേണ്ടി വരുന്നു.

സച്ചിദാനന്ദന്റെ കവിത ചെയ്യുന്നതും അതുതന്നെ. സ്വന്തം കവിതകളിലൂടെ മാത്രമല്ല, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ കവിതകളുടെ മൊഴിമാറ്റത്തിലൂടെയും ഈ കവികർമ്മം അദ്ദേഹം തുടർന്നു പോരുന്നു.

സച്ചിദാനന്ദൻ വിവർത്തനം ചെയ്ത 'ബസവണ്ണയുടെ വചനങ്ങൾ' വായിച്ചപ്പോൾ ഇത്രയും ആമുഖമായി പറയണമെന്നു തോന്നി. അദ്ദേഹംതന്നെ തയ്യാറാക്കിയ ആമുഖം വിവർത്തനങ്ങൾക്കൊപ്പം ചേർത്തിട്ടുണ്ട് എന്നതു കാണാതിരുന്നില്ല. അതുകൊണ്ട് ഇതിനെ ഒരു വായനക്കാരന്റെ പൂരണമായി കരുതിയാൽ മതി.

'ബസവണ്ണ കർഷകരോടൊത്തു നൃത്തം ചെയ്യുന്നു' എന്ന കവിതയിൽ,

> 'വരിക, ശിവനെച്ചുറ്റി നാം കൈകൾ കോർക്കുക
> അവനു കൊടിയായിക്കലപ്പകളുയർത്തുക'

എന്നിങ്ങനെ വചനകവിതാപ്രസ്ഥാനത്തിന്റെ ജ്ഞാന-കർമ്മസങ്കല്പനങ്ങളിലെ പാരസ്പര്യം സൂചിപ്പിക്കുകയും വൈകാതെ അത്,

> 'നിലമുഴും കരി ശിവൻ,
> കൊയ്യുമരിവാൾ ശിവൻ
> അതു കൊയ്തതാറ്റിക്കൊഴിക്കും
> മുറം ശിവൻ'

എന്നിങ്ങനെ ബഹുത്വത്തിലേക്കും ഐക്യത്തിലേക്കും വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്, അദ്ദേഹം. ബസവണ്ണയുടെ വചനങ്ങളിലേക്കു കടക്കുന്നതിനു മുമ്പ് ഇതും ഓർമ്മിക്കാവുന്നതാണ്. വചനകവിതയുടെ ഒരു സവിശേഷത, അതിന്റെ പേരിൽത്തന്നെയുള്ള വചനസ്വഭാവമാണ്. വൃത്തം ദീക്ഷിക്കാതെതന്നെ, സംസാരത്തിന്റെ ആന്തരികവും ബാഹ്യവുമായ താളത്തെ ജൈവികമായി ആവിഷ്കരിക്കുന്ന രൂപമാണ് മിക്ക വചനങ്ങൾക്കുമുള്ളത്. മുതിർന്ന കന്നഡ കവി എച്ച്. എസ്. ശിവപ്രകാശ് ചൊല്ലിയും ചില ഗായകർ പാടിയും കേട്ടതുകൊണ്ടു കൂടിയാവും, ജൈവികവും സവിശേഷവുമായ ആ രൂപപരതയെ മലയാളത്തിലേക്ക് സ്വാംശീകരിക്കാൻ സച്ചിദാനന്ദന് അനായാസം കഴിയുന്നു.

ലോകത്തെ മനസ്സിലാക്കാൻ നാം ആശ്രയിക്കുന്ന ദ്വന്ദ്വങ്ങളുടെയും ലോകത്തിന്റെ ബഹുത്വത്തിനും ജ്ഞാനത്തിന്റെ ഐക്യത്തിനുമിടയിൽ വന്നുചേരുന്ന തടസ്സങ്ങളുടെയും മുന്നിൽ ഹതാശനായി നില്ക്കുകയും ഇവയുടെ അന്തരങ്ങളൊഴിവാക്കി സമഗ്രജ്ഞാനത്തിലേക്കു തന്നെ വിമോചിപ്പിക്കുവാൻ അപേക്ഷിക്കുകയും ചെയ്യുന്ന ബസവണ്ണ അങ്ങനെ മലയാളത്തിന്റേതുകൂടിയായിത്തീരുന്നു. ആന-തോട്ടി, മാമല-മിന്നൽ, കൂരിരുട്ട്-കൊച്ചുവിളക്ക്, ശിവൻ-മർത്ത്യഹൃദയം എന്നീ വലിപ്പച്ചെറുപ്പങ്ങളെപ്പറ്റി ഉത്കണ്ഠപ്പെടുന്ന ആദ്യവചനംതന്നെ അങ്ങനെയൊരനുഭവമായിത്തീരുന്നുണ്ട്.

> 'അടുപ്പു കത്തുമ്പോൾ
> അടുത്തുനിന്നിടാം
> ഉലകം കത്തുമ്പോൾ
> എവിടെപ്പോകും നാം'

എന്നിങ്ങനെ മലയാളത്തിന്റെ കാവ്യഭാഷയോട് വചനങ്ങൾ ഇണങ്ങിച്ചേരുന്നത് എത്ര സ്വാഭാവികമായാണ്!

> 'ജീവിച്ചിരിപ്പവൻ
> ആഹാരം ചോദിച്ചാൽ
> 'പോ പുറത്തെ'ന്നു പറയും
> മൂകം ശിവലിംഗം
> കാണുകിൽ ചങ്ങാതി,
> 'ചോറു നല്കെ'ന്നു കല്പിക്കും'

എന്നിങ്ങനെ ഭക്തിയും ജീവിതവും യഥാർത്ഥജ്ഞാനവും തമ്മിലുള്ള പൊരുത്തക്കേടുകളെ സംബോധന ചെയ്യുന്ന വചനങ്ങൾക്ക് മൊഴിമാറ്റത്തിലും അതേ മിഴിവുണ്ട്.

> 'ചന്ദ്രോദയം:
> വേലിയേറ്റം കടലിന്.
> ചന്ദ്രക്ഷയം:
> കടൽ വേലിയിറക്കമായ്'

എന്ന ദൃഢമായ കൃത്യതയുടെ ഭാഷയും

> 'പക്ഷിയെ കൂട്ടിലടച്ചു,
> എണ്ണ വിളക്കിൽ നിറച്ചു,
> എണ്ണത്തിരിയും തെറുത്തു,
> ഇപ്പോഴവൻ വരുമമ്മേ'

എന്ന ലളിതമായ ബാലകവിതയുടെ മട്ടും

> 'പോയ് വ്യഭിചരിക്കാൻ ഞാൻ
> കള്ളനാണയം കിട്ടി,
> പോയ് മതിലിനു പിന്നിൽ
> തേളുകളെന്നെക്കുത്തി'

എന്ന പരുക്കൻ ജീവിതാവിഷ്കാരവും

> 'ദളിതന്റെ തെരുവിനും
> ശിവമന്ദിരത്തിനും
> ഈ ഭൂമിയൊരുപോലെ'

എന്ന ദൃഢപ്രസ്താവവും ഒരേ നിറവോടെ, ഏറെ തിളക്കത്തോടെ മലയാളത്തിലും വന്ന് ഈ മൊഴിമാറ്റങ്ങളെ ജീവസ്സുറ്റതാക്കുന്നു.

ഇവിടെ ഉദാഹരിച്ച ഭാഗങ്ങൾക്കുതന്നെയുള്ള രൂപപരമായ വൈവിധ്യവും അതിന് ഉള്ളടക്കവുമായുള്ള ചേർച്ചയും വ്യക്തമാണ്.

> 'അവരെക്കാണുക:
> നീരിൻ പോളയെ രക്ഷിക്കാനായ്
> കാരിരുമ്പിൻ കൂടുണ്ടാക്കും പാവങ്ങൾ'

എന്നതു പോലെ പദ്യ-ഗദ്യതാളങ്ങൾ വേർതിരിക്കാനാവാത്ത വിധം ഇണചേർന്ന വരികളും,

> 'വേഗം പോട്ടെ വേഗം ഊം ഊം
> ഇഷ്ടംപോലെ നടക്കട്ടെ ഊം'

എന്നിങ്ങനെ മൂളൽ പോലും അതിന്റെ കവിതാപരമായ ധർമ്മം നിർവഹിക്കുന്ന ഭാഗങ്ങളും ഈ വിവർത്തനങ്ങളിൽ കാണാം.

> 'താളമറിയില്ലെനിക്കു, ക്കറിയില്ല വൃത്തം
> വീണയുടെ, ചെണ്ടയുടെ താളക്കണക്കും'

എന്നു പറഞ്ഞ്, സ്നേഹത്തിന്റെ താളത്തിൽ ഗാനം പാടുന്ന വചനകവിയെ ഇങ്ങനെതന്നെയാണല്ലോ പുനരാവിഷ്കരിക്കേണ്ടത്!

> 'കാലുകൾ നൃത്തം ചെയ്യും
> കണ്ണുകൾ കാണും
> നാവോ പാടും'

എന്നിങ്ങനെ അതത് ഇന്ദ്രിയങ്ങൾ സ്വയം പ്രവർത്തിക്കുന്നതുപോലെ സ്വാഭാവികമാവുന്നുണ്ടത്.

നമ്മുടെ മുന്നിൽത്തന്നെയുള്ള ഈ വചനങ്ങളെപ്പറ്റി ഞാൻ വാചാലനാവുന്നില്ല. സായാഹ്ന ഫൗണ്ടേഷൻ കവിതകൾക്കിണങ്ങുംവിധം സുന്ദരമായാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. എൻ. ഭട്ടതിരിയുടെ കലിഗ്രാഫി ഇതിന് അഴകും മിഴിവും കൂട്ടുന്നു. ഇതിനെല്ലാം കവിയോടും പ്രസാധകരോടും മലയാളം കടപ്പെട്ടിരിക്കുന്നു. അത്രയെങ്കിലും പറയാതിരിക്കാൻ വയ്യ.

'മുറിനാവ്' എന്ന നോവൽ എഴുതുന്ന കാലത്ത് അതിലെ ഒരു പ്രധാനകഥാപാത്രമായ ഗൊഗ്ഗവ്വയോടൊപ്പം കന്നഡ മൊഴികളിലൂടെ സഞ്ചരിച്ചതിന്റെ ഓർമ്മ; ഒപ്പം ബസവണ്ണ ബാല്യകാലം ചെലവിട്ട കൂടലസംഗമത്തിലൂടെ, അദ്ദേഹം സ്വപ്നഭൂമിയാക്കിയെങ്കിലും ഇന്നൊരു പാവം ഗ്രാമമായി അവശേഷിക്കുന്ന കല്യാണയിലൂടെ, അവിടുത്തെ കോട്ടയിലൂടെ, അനുഭവമണ്ഡപത്തിലൂടെ, അക്ക മഹാദേവിയും അല്ലമ പ്രഭുവും അന്ത്യകാലം ചെലവഴിച്ച ശ്രീശൈലത്തിലൂടെ, മല്ലികാർജ്ജുനന്റെ സവിധത്തിലൂടെ നേരിട്ടു യാത്ര ചെയ്ത അനുഭവം; എന്നെ തെളിച്ചെടുത്ത ആ വൈകാരികതകളെ ഒന്നുകൂടി ഗാഢമാക്കിയ ഈ മൊഴിമാറ്റത്തെ ഞാൻ ഉള്ളിനോടു ചേർത്തുപിടിക്കുന്നു.

**കെ. സച്ചിദാനന്ദൻ:** നന്ദി, മനോജ്. ആരാണെഴുതിയതെന്നു നോക്കാതെയാണ് വായിച്ചുതുടങ്ങിയത്. ഇത് വചനങ്ങളുടെ ഒരു സമാഹാരത്തിന്റെ ആദ്യഖണ്ഡമാണെന്നറിയിക്കട്ടെ. അക്കയുടെ മൊഴിമാറ്റം തുടങ്ങി, രണ്ടു വചനങ്ങൾ ഇന്നലെത്തന്നെ ഫേസ്ബുക്കിൽ ഇട്ടിരുന്നു. തുടർന്ന് അല്ലമ പ്രഭുവും ദാസി മയ്യയും ഉൾപ്പെടെ എട്ടു കവികളുടെ കൂടി വചനങ്ങൾ ചെയ്യാനാണ്—ഇൻശാള്ളാ—ആഗ്രഹം. ഈ ആമുഖം സായാഹ്നയ്ക്കായി എഴുതിയതാണ്, പുസ്തകത്തിൽ വിശദമായ അവതാരിക ഉണ്ടാകും, ഓരോ കവിക്കും ആമുഖക്കുറിപ്പുകളും. താളപ്രമാണങ്ങളെക്കുറിച്ച് ആധികാരികമായി പറയാൻ കഴിയുന്ന താങ്കൾ എനിക്ക് ബസവ വെറുതേ തോന്നിച്ച വരികളെ ഇങ്ങിനെ സന്ദർഭയുക്തിയും ദർശന ക്രമവുമായി ചേർത്തു വ്യാഖ്യാനിച്ചു കണ്ടപ്പോൾ ആഹ്ലാദം തോന്നി. ഒന്നു കണ്ടാലുടൻ മറ്റൊന്നിനെ വലിച്ചുകൊണ്ടുവന്ന് ആ ഒന്നിനെ അധിക്ഷേപിക്കുന്ന നമ്മുടെ സംഘയുക്തിക്ക് അപവാദങ്ങളുണ്ടെന്നതു തന്നെ ആഹ്ലാദകരം.

**മനോജ് കുറൂർ:** എഫ്ബിയിൽ വിവർത്തനങ്ങൾ വായിക്കാറുണ്ട്, മാഷേ. കൽബുർഗി എഡിറ്റ് ചെയ്ത സമാഹാരവും രാമാനുജന്റെ വിവർത്തനവും കന്നഡ മൂലവും ചേർത്ത് കുറെയൊക്കെ വായിച്ചപ്പോൾ മലയാളത്തിലും ഈ വചനങ്ങൾ വന്നിരുന്നെങ്കിൽ എന്ന് ആഗ്രഹം തോന്നി. അത് വളരെ അർത്ഥവത്തായ നിലയിൽ മാഷ് ചെയ്തു കാണുമ്പോൾ വലിയ സന്തോഷം. സ്നേഹാദരങ്ങൾ.

**അൻവർ അലി:** നന്നായി മനോജ്. നിനക്കും സച്ചി മാഷുടെ വേഗവും താളവും.

വചനയുടെ മലയാള പാഠങ്ങൾ മുമ്പ് ചിലത് വന്നിട്ടുണ്ട്. അയ്യപ്പപ്പണിക്കരുടെയും വിനയചന്ദ്രന്റെയും പുസ്തകങ്ങളുണ്ട്. പക്ഷേ, രണ്ടിനും ഇംഗ്ലീഷിനെ മാത്രമായി ആശ്രയിച്ചതിന്റെ പ്രശ്നങ്ങളുണ്ടെന്നു തോന്നുന്നു. വചന കവിതയുടെയുടെയും ബസവ ദർശനത്തിന്റെയും ആഗോള പ്രചാരത്തിന് നാമെല്ലാം എ. കെ. രാമാനുജന്റെ ഇംഗ്ലീഷ് വിവർത്തനങ്ങളോട് കടപ്പെട്ടവരെങ്കിലും Dance of Siva-യിലെ ഭാഷാപരമായ ഒത്തുതീർപ്പുകളെ ശിവപ്രകാശിനെപ്പോലുള്ളവർ വിമർശനാത്മകമായാണ് കാണുന്നത്. ഏതായാലും, കന്നഡ കൂടി വായിച്ചു കേട്ടുള്ള വിവർത്തനത്തിന്റെ ചൊടിയും ചൂരുമുണ്ട് സച്ചി മാഷുടെ പാഠങ്ങൾക്ക്.

ഇന്ത്യൻ ഭാഷകൾ ഒന്നിച്ചിരിക്കലും കവിത മൊഴിമാറ്റലും, യഥാർത്ഥത്തിൽ ഹിന്ദുത്വദേശീയതാ വാദികൾക്കെതിരായ അടിസ്ഥാനപരമായ സാംസ്കാരിക രാഷ്ട്രീയ പ്രവർത്തനമാണ്. അക്കാര്യം വളരെ നേരത്തേ തിരിച്ചറിഞ്ഞ അപൂർവ്വം ഇന്ത്യൻ കവികളിലൊരാളാണ് സച്ചിദാനന്ദൻ.

ദക്ഷിണേഷ്യൻ കവിമൊഴികളുടെ ഒരു പൊതുവിടം നമുക്കുണ്ടാക്കിയെടുക്കണം സച്ചി മാഷേ, മറ്റ് മലയാള കവികളേ...

**മനോജ് കുറൂർ:** അതേ. നേരത്തെയുള്ള വിവർത്തനങ്ങൾ കാണാഞ്ഞിട്ടല്ല. വിനയചന്ദ്രൻ സാറിന്റെ വിവർത്തനം എം. രാമയുടെ സഹായത്തോടെ ചെയ്തതാണുതാനും. വിനയചൈതന്യയുടെ അക്ക മഹാദേവി വിവർത്തനവുമുണ്ട്. അടുത്ത കാലത്ത് ഗോപി ചെയ്തതുമുണ്ട്. സച്ചിമാഷുടെ ഈ വിവർത്തനങ്ങൾ വചനകവിതയെ അതിന്റെ രൂപപരമായ പ്രത്യേകതകൾ ഉൾപ്പെടെ മലയാളത്തിലേക്ക് കൊണ്ടുവരുന്നു എന്നതാണ് കൂടുതൽ പ്രസക്തമായി തോന്നിയത്. അപ്പോഴും അതിന്റെ വൈകാരികമായ ഉള്ളടക്കം നഷ്ടപ്പെടുന്നുമില്ല. മറ്റു വിവർത്തനങ്ങളെ ആദരിച്ചുകൊണ്ടുതന്നെയാണ് ഇതു പറയുന്നത്.

**ഹബീബ് എം എച്ച്:** സഹസ്രസംവത്സരങ്ങൾക്ക് അപ്പുറത്ത് നിന്ന് ബസവണ്ണന്റെ വചനങ്ങൾ വർഗ്ഗീയത കൊണ്ട് മുറിവേറ്റ വർത്തമാന കാലത്തിന് കുളിർ മഴയാകുന്നു.

ബസവണ്ണന്റെ ഭക്തന് സ്വന്തം മുറ്റം തന്നെയാണ് കാശി, സ്വന്തം ശരീരം തന്നെയാണ് കൈലാസം. മാനവരുടെ ലോകത്തിൽ നിന്നും വേറിട്ട ഒരു ദേവലോകം ബസവണ്ണനില്ല.

> "സ്നേഹകാരുണ്യങ്ങളില്ലാതൊക്കുമോ വിശ്വാസിയാവുകാൻ."

ബസവണ്ണനെ സായാഹ്നയിലെത്തിച്ച എല്ലാവർക്കും നന്ദി.

**ആദർശ് സി:** കൂടലസംഗമത്തിനു നമ്മുടെ നാടുമായി എന്തെങ്കിലും ചരിത്രബന്ധം ഉണ്ടോ?

**മനോജ് കുറൂർ:** ഇരിങ്ങാലക്കുടയുമായി ബന്ധിപ്പിച്ച് ഞാനും കുറേ അന്വേഷിക്കാൻ ശ്രമിച്ചതാണ്. പക്ഷേ, സംഗമേശനുമായി എന്തെങ്കിലും ബന്ധം കണ്ടുപിടിക്കാനായില്ല. കാരണം, കർണ്ണാടകത്തിലെ കൂടലസംഗമം ആ സംസ്ഥാനത്തിന്റെ അങ്ങു വടക്കാണ്. ഏകദേശം ഉത്തരേന്ത്യയോട് അടുത്ത സ്ഥലം. നേരിട്ടുള്ള സാംസ്കാരികബന്ധം കുറവാകാനാണു സാധ്യത.

**അൻവർ അലി:** പണിക്കരുടെ വിവർത്തനം ഇംഗ്ലീഷിൽ നിന്നായിരിക്കണം. ശിവയുടെ സഹായത്തോടെയും വിനയയോടൊപ്പവും ആ വിവർത്തനങ്ങളിൽ ചിലത് ഒത്തു നോക്കിയിട്ടുണ്ട്. വലിയ അകലം തോന്നി. വിനയചന്ദ്രന്റെയും നോക്കി. അതിൽ ദുഃസ്വാതന്ത്ര്യം വളരെ. വിനയചൈതന്യ അക്കയെ മലയാളത്തിലാക്കിയത് ഞാനും അനിതയും എഡിറ്റ ചെയ്യാൻ ശ്രമിച്ചതാണ്. പക്ഷേ, വിനയയ്ക്ക് കന്നഡ മലയാളലിപിയിലെഴുതലാണ് പഥ്യം.

**കെ. ജി. എസ്:** സച്ചി, മനോജ്, അൻവർ, വചനവർത്തമാനം ജോർ.

**കെ. സച്ചിദാനന്ദൻ:** ഞാൻ കൊച്ചിയിലായതിനാൽ എന്റെ കയ്യിൽ പൂർവ്വ പരിഭാഷകളില്ല. അതു നന്നായെന്ന് തോന്നുന്നു.

**ദാമോദർ പ്രസാദ്:** ഇവിടുത്തെ ഇപ്പോഴത്തെ ചർച്ച വിഷയുമായി ബന്ധപ്പെട്ടൊരു കാര്യം സൂചിപ്പിക്കാൻ മാത്രം.

The Pre History of Hinduism എന്നൊരു outstanding and indepth ആയൊരു അക്കാദമിക് പഠനമുണ്ട്. കർണ്ണാടകത്തെ മുൻനിർത്തിയാണ്. അതെഴുതിയ ഡോ. മനു വി. ദേവദേവൻ ഈ ഗ്രൂപ്പിൽ തന്നെ മെമ്പറാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒരു ദിവസം യാദൃശ്ചികമായി വെങ്കിടിയുടെ ചായക്കട ലേഖനത്തെപ്പറ്റി നടന്ന ചർച്ചയ്ക്കിടയിൽ ആ പേര് കാണുകയുണ്ടായി. കൽക്കത്ത ഐ. ഐ. റ്റി. അധ്യാപകനായ അദ്ദേഹത്തിന്റെ ഗുരുവും സായാഹ്നയിൽ മെമ്പറാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പ്രഫ. കേശവൻ വെളുത്താട്ട്.

ആ പുസ്തകത്തിലേക്ക് എത്തുന്നത് മനു വി. ദേവദേവന്റെ ദ ഹിന്ദുവിൽ വന്ന അഭിമുഖം വായിച്ചതിനു ശേഷമാണ്.

അദ്ദേഹത്തിന് ഗവേഷണത്തിനുള്ള ഇൻഫോസിസ് അവാർഡ് കിട്ടിയിട്ടുണ്ട്. അതിന്റെ തലേവർഷം നന്ദിനി സുന്ദറിനാണ് പ്രസ്തുത അവാർഡ് ലഭിച്ചതെന്ന് തോന്നുന്നു.

ഞാൻ The Pre History of Hinduism വായിച്ചു എന്നു പറയുന്നത് ശരിയായിരിക്കില്ല. വായിക്കാൻ ശ്രമിച്ചുവെന്നു പറയുന്നതായിരിക്കും ശരി.

In-depth Scholarship. നമ്മളിൽ നിന്ന് കൂടുതലും ഡിമാന്റ് ചെയ്യും.

എന്നുവെച്ചാൽ ഇമോജിയിൽ നില്ക്കില്ല എന്നു പറയാം.

ഹിന്ദുവിൽ പരിചയപ്പെടുന്നതനുസരിച്ച് മനു വി. ദേവദേവൻ കന്നടയിൽ കവിതയും എഴുതുന്നു.

എന്തായാലും, വചന കവിതയെപ്പറ്റി കൂടുതൽ അറിയാൻ താല്പര്യപ്പെടുന്നവർക്ക് അദ്ദേഹത്തിന്റെ ആഴമുള്ള അറിവ് ഗുണപ്പെടും.

ഇതുകൂടി പറഞ്ഞോട്ടേ:

അക്കാ മഹാദേവി, കാരയ്ക്കലമ്മ, ലാലദെദ്, മീര എന്നിവരെക്കുറിച്ചും ഭക്തികവിതയിലടങ്ങിയിട്ടുള്ള സവിഷേമാംവിധമുള്ള സ്ത്രൈണോർജ്ജത്തെക്കുറിച്ചുള്ള പഠനമാണ് സുജാത ടീച്ചറുടെ "ചിദ്ഗനികുണ്ഡ സംഭൃത". പഠനത്തെക്കാൾ ഉപരി ടീച്ചറുടെ മൗലിക നിരീക്ഷണങ്ങളാൽ സമ്പന്നം.

ഒരുപക്ഷേ, അതിലെ നിരീക്ഷണങ്ങൾ ടീച്ചറുടെ തന്നെ കവിതകളെ കുറിച്ചാണ്.

**കെ. ജി. എസ്:** വിനയചൈതന്യയുടെ അക്ക മഹാദേവിയുടെ വചനങ്ങൾ ഈ രാത്രിയിൽ ഞാൻ വീണ്ടും വായിച്ചു. ഇന്നും തനിമ മുഴങ്ങുന്നു. കർണാടക ഗ്രാമങ്ങളിൽ താമസിച്ചിട്ടുള്ള വിനയചൈതന്യ 'സാധുക്കളിൽ' നിന്ന് വചനങ്ങൾ വാമൊഴിയിൽ കേട്ട് കേട്ട് പാകപ്പെട്ട വചനാനുഭവത്തെപ്പറ്റി പറയുന്നുണ്ട്. പരിഭാഷയെ ഉദാസീനമല്ലാതാക്കാൻ അത് തുണയായിട്ടുണ്ടെന്ന് തോന്നി.

മനുവും വെളുത്താട്ടും വിനയ ചൈതന്യയും വചനകവിതയെപ്പറ്റി ഇവിടെ എഴുതുന്നത് ഗുണമാവും.

**Muraleedharan Ramakrishana:** Basavanna, Akka, Allamma Prabhu: Are we not romanticising Basava movement and Bhakti a bit too much?

**കെ. ജി. എസ്:**

> തെല്ലതിൻ സ്പർശമില്ലാതെ
> ഇല്ല വിവർത്തനമൊന്നുമേ.

## ബി. രാജീവൻ: നവോത്ഥാനം—ബദൽ സമീപനത്തിന് ഒരാമുഖം

**ഹബീബ് എം എച്ച്:** നവോത്ഥാനത്തെ ലിബറൽ സാംസ്കാരിക പ്രസ്ഥാനമായി ആഘോഷിച്ചതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് ശബരിമല വിഷയത്തിൽ ഇടതുപക്ഷത്തിന്റെ നിലപാട്. നവോത്ഥാനത്തിന്റെ പേരിൽ ജന്റർ ഈക്വാലിറ്റി തിരികി കയറ്റാൻ ഇവർ ശ്രമം നടത്തി. പാർലമെന്റ് തിരഞ്ഞെടുപ്പിൽ ജനം അവരെ ഇതിന് കണക്കിന് ശിക്ഷിച്ചു. പാർട്ടികൾ തരം കിട്ടിയപ്പോൾ നിലപാട്ട് മാറ്റിയെങ്കിലും പ്രഭാഷകവർഗ്ഗം വിഷമം കരഞ്ഞു തീർക്കേണ്ടി വന്നു. വോട്ടർന്മാരുടെ അസാധാരണമായ ചായ്‌വാണ് വലതുപക്ഷത്തേക്ക് ഉണ്ടായത്. ഇത് സ്വീകരിക്കാൻ വേണ്ട യോഗ്യത ചമഞ്ഞു തീവ്ര വലതുപക്ഷം രംഗത്ത് വരുവാൻ അധികം സമയം വേണ്ട എന്നത് ഭീതി ജനകമാണ്.

**രാജൻ പട്ടതോൾ:** ശ്രീ ബി രാജീവന്റെ ലേഖനത്തിന് പുതുമ തോന്നിയില്ല. ഇന്നോളം നവോത്ഥാനം കൈകൊര്യം ചെയ്തത് മേലാളരാണെന്ന പല്ലവി ആവർത്തിക്കുകമാത്രമാണ് അദ്ദേഹം ചെയ്യുന്നത്. ശ്രീനാരയാണഗുരുവിനുശേഷം കേരളത്തിലെ നവോത്ഥാന ചിന്ത സംവാദങ്ങളിലും സെമിനാറുകളിലും ഒതുങ്ങിപ്പോവുകയാണ്. ശ്രീ രാജീവിന്റെ ലേഖനം വായിക്കുന്നവരും അതിനോട്ട് പ്രതികരിക്കുന്നവരും ‘മദ്ധ്യവർഗ’ക്കാരാണെന്നത് തന്നെ നവോത്ഥാനത്തിന്റെ പരിമിതികൾക്ക് നിദർശനമാണ്.

## മധുസൂദനൻ: വെളിച്ചത്തിനെന്തൊരു വെളിച്ചം

**കെ. സച്ചിദാനന്ദൻ:** കലയെക്കുറിച്ച് ഒരു കലാനിരൂപകനും ഇത്ര ആകർഷകമായ മലയാളത്തിൽ എഴുതിക്കണ്ടിട്ടില്ല. അനുഭൂതിയുടെ വെളിച്ചത്തിന്റെ ഇരുളിടങ്ങളിലാകാം നിരൂപണത്തിന്റെ പിറവി. ആ വെളിച്ചത്തിന്റെ അദൃശ്യ പ്രഭവങ്ങൾ എത്ര കുറച്ച് പേർക്കേ അറിയൂ!

**ഇ. പി. ഉണ്ണി:** നന്ദി... at Rembrandt's...



**രാജൻ പട്ടതോൾ:** ചിത്രകലയെപ്പറ്റി ഏറെ വെളിച്ചം വീശുന്ന "വെളിച്ചത്തിനെന്തൊരു വെളിച്ചം" നല്ലൊരു വായനാനുഭവമാണ്. നന്ദി.

**അബ്ദുൾ:** Rembrandt's influence on cinema, Rembrandt's influence on Poetry, Rembrandt's influence on theatre, Rembrandt's influence on science, Rembrandt's influence on..., എത്രവേണമെങ്കിലും ഇത് നീട്ടാം. മഹാനായ ആ പ്രതിഭയുടെ മഹദ് രചനകളെ തെളിനീർ ഭാഷയിൽ വിവൃതമാക്കിയ മധുസൂദനന് നന്ദി.

**കെ. ജി. എസ്:** സ്വന്തമായ വലിയ രചനാപദ്ധതികൾക്കിടയിലും കാഴ്ചയുടെ ചരിത്രവും കാഴ്ചയിലെ ചരിത്രവും കാലങ്ങളായി അനുഭവസൂക്ഷ്മതയോടെ മധു എഴുതുന്നു. നമ്മുടെ ചിത്രസംസ്കാരത്തിന് അത് ഗുണം ചെയ്യുന്നുണ്ട്.

കാണലിൽ നിന്ന് എഴുതലിലേക്ക് മധുവിനൊരു നേർവഴിയുണ്ട്. ചിത്രത്തിൽ ചരിത്രം കാണുന്നൊരു കൺവഴി. ചിത്രത്തിൽ ഇരുട്ടും വെളിച്ചവും നിറങ്ങളും വീഴുന്ന ചരിത്രങ്ങളുടെ നടവഴി. ആംസ്റ്റർഡാമിൽ റെംബ്രാൻഡിന്റെ സ്റ്റുഡിയോയിൽ ചിത്രം കണ്ട് നിൽക്കുമ്പോൾ മധുവിൽ കേരളത്തിലെ മഴവെളിച്ചം പെയ്യെത്തുന്ന നാട്ടുവഴി. മഴയിലെ വെളിച്ചത്തിനും മഴ കഴിഞ്ഞുള്ള വെളിച്ചത്തിനും വിഹാരാനുവാദമുള്ള ഓർമ്മയുടെ വലിയൊരു തുറസ്സ് ചിത്രാനുഭവകഥനങ്ങളിൽ മധുവിന്റെ ഉൾക്കാഴ്ചയിൽ തെളിയുന്നു. കാലക്കയത്തിലേക്കിറങ്ങുന്ന പുരാവസ്തു വായനക്കാരന്റെ നെറ്റിടോർച്ച് പോലെ മധുവിന്റെ നോട്ടം ചിത്രങ്ങളിൽ വീഴുന്ന വെളിച്ചം റീപ്രിന്റുതീനികളായ നമ്മുടെ റെംബ്രാൻഡനുഭവം ദീപ്തമാക്കുന്നു. കവിതയും തത്വവെളിവും ചിത്രസംസ്കാരവും ചലച്ചിത്രകാരന്റെ നോട്ടവും മെടഞ്ഞുണ്ടാവുന്ന മധുവിന്റെ ചിത്രാനുഭവകഥനം സമയസാരം പോലൊരു വെളിച്ചപ്പിറവി നമ്മിൽ ഉദിപ്പിക്കുന്നു. റെംബ്രാൻഡിൽ മാത്രമല്ല. തുഞ്ചത്തെഴുത്തച്ഛന്റെ കാലത്തെ ബ്രൂഗൽ മുതൽ ഇന്നത്തെ അയി വെയ് വെയ് വരെ അനേകം മഹാ ചിത്രാചാര്യന്മാരിൽ വരെ മധുവിന്റെ ഉൾക്കാഴ്ച വിളയാടുന്നത് പല കാലത്ത് വായിച്ചിട്ടുണ്ട്.

ഇന്നത്തെ ഈ ജീവനുള്ള റെംബ്രാൻഡനുഭവം അവയുടെ ഓർമ്മയിലേക്കും വ്യാപിക്കുന്നു.

## സായാഹ്ന ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റു ചർച്ചകൾ:

**Rishi**: A few technical helper documentation and notes from Sayahna Foundation prepared by STM Software Engineering team.

1. http://books.sayahna.org/ml/pdf/stmse-ltx-intro.pdf

LaTeX: A gentle introduction (CV Radhakrishnan)

As the title says, this is a short and gentle introduction to LaTeX.

2. http://books.sayahna.org/ml/pdf/stmse-math.pdf

Elegant Mathematics (S Rahulkrishnan)

How to typeset mathematics in LaTeX is explained in this document. Lot of examples are provided.

3. http://books.sayahna.org/ml/pdf/stmse-BibTeX.pdf

Bibliography management with BibTeX (V Apu)

BibTeX databse system which is widely used for bibliography management is explained here in detail.

4. http://books.sayahna.org/ml/pdf/stmse-manusubmission.pdf

Research article preparation in LaTeX (CV Radhakrishnan and T Rishi)

The first part of the document emphasise on the importance of following a Guide for Authors while preparing manuscript for publishing. Second part deals with Elsevier recommended LaTeX packages for manuscript submission.

5. http://books.sayahna.org/ml/pdf/stmse-tf.pdf

TeXFolio - A complete journal production system (S Rahulkrishnan)

TeXFolio is a complete journal production framework built on TeX in cloud developed by STM Software Engineering, Trivandrum. More than 700,000 pages of highly complex research articles from Scientific, Technology and Medical category are typeset using this system.

6. http://books.sayahna.org/ml/pdf/stmse-Neptune.pdf

Neptune proofing framework (Rashmi R Prabhu and KS Akshay)

A LaTeX based and web-based proofing framework. One of the leading publishers of the world who publish 2.1 million pages a year in their 2,500 journals have accepted this as their proofing framework for LaTeX content. More than 200,000 article pages have been proofed out since it's launch in 2018. It should be ideal for Universities that publish journals. Another LaTeX based tool from STM Software Engineering.

7. http://books.sayahna.org/ml/pdf/stmse-xpc.pdf

XPC: Auto-pagination (KS Akshay)

XML page composition is a new concept. A tool which accepts XML documents and assets like figures, metadata information etc. from a third party and typeset using LaTeX in an automated environment. A changing face of the publishing industry.

(സെപ്റ്റംബർ 20 മുതൽ 26 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ടുന്ന വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014